## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

02.04.2018 ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6092

## കേരള വ്യവസായ നിക്ഷേപ പ്രോത്സാഹന ബിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. സി. ജോർജ്ജ്. | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സുഗമമാക്കുന്നതിനുള്ള കേരള വ്യവസായ നിക്ഷേപ പ്രോത്സാഹന ബിൽ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സുഗമമാക്കുന്നതിനും വ്യവസായമേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിങ് ബിസിനസ്" നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഏഴ് (7) നിയമങ്ങളിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത നിയമ ഭേദഗതികൾ "The Kerala Investment Promotion & Facilitation Bill, 2018" എന്ന പേരിൽ ഒരു ഏകീകൃത ബില്ലായി നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചർച്ച ചെയ്തു പാസ്സാക്കുന്ന മുറയ്ക്ക് ഈ കാര്യങ്ങളിൽ വ്യക്തത വരുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | ഇതിലെ പ്രധാന അനുകൂല ഘടകങ്ങൾ എന്തെന്ന് വിശദമാക്കുമോ; | (ബി) | വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ,വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ എളുപ്പത്തിൽ ലഭ്യമാക്കൽ എന്നിവയുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ ബില്ലിന്റെ പ്രധാന അനുകൂലഘടകങ്ങൾ. |
| (സി) | ഏതൊരു തൊഴിൽ ഉടമയ്ക്കും സ്ഥാപനത്തിനും തങ്ങൾക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് സർക്കാർ തീരുമാനിക്കുന്ന മിനിമം വേതനത്തിൽ ജോലി ചെയ്യിക്കുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ഉണ്ടാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് നിലവിൽ വന്ന കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന ഓർഡിനൻസ് വഴി നിലവിലുള്ള ഏഴ് നിയമങ്ങളിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിയ്ക്കായി സ്വന്തം തൊഴിലാളികളെയോ, മെഷീനറികളെയോ ഉപയോഗിക്കാം. ഹെഡ് ലോഡ് വർക്കേഴ്സിനേയും ഈ ജോലിയ്ക്ക് നിയമിക്കുന്നതിന് നിയമതടസ്സം ഇല്ല. സർക്കാർ നിശ്ചയിക്കുന്ന മിനിമം കൂലി നൽകുകയും വേണം. |

Pramida T

**സെക്ഷൻ ഓഫീസർ**